## 1057

*രീതി: സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവ*

കാത്തിരിക്കുന്നു ഞാൻ പ്രാണേശനേശുവിൻ
കാഹളനാദം മുഴക്കിയെഴുന്നെള്ളും
കാർമേഘമണ്ഡലം മാറി മറഞ്ഞിടും
കാഴ്ച ഞാൻ കാണ്മാൻ കൊതിച്ചിടുന്നു

1 മന്നിൽ മനോഹരം ചില്ലിട്ട കൊട്ടാരം
ഒന്നിലും എന്മനം ശാന്തികാണാ
മന്നനെ നീയിങ്ങു വന്നല്ലാതെന്നുടെ
ഖിന്നത തീരുകില്ലീയുലകിൽ-

2 ഇന്നത്തെ സന്ധ്യമയങ്ങിടും മുമ്പഹോ
വന്നെത്തും എന്നേശു വാനമേഘേ
എന്നതാണെന്നുമെന്നാശയിപ്പാരിതിൽ
എന്നുമുണരും പുലരിതോറും-

3 പാരിലെ ക്ലേശങ്ങളോടി മറയുമ്പോൾ
പാവന ചിന്തയിൽ മുങ്ങിടുമ്പോൾ
താവകസ്നേഹത്തിൻ ചൂടെന്നിലേറുന്ന
തൻസവിധേയോടിയെത്തിടുവാൻ

4 എത്രയോ വേഗം ഗമിക്കുന്ന യാമങ്ങൾ
അത്ര വലുതായുള്ളാശയതാൽ
മിത്രമായെത്തുമെന്നേശുവിൻ കാലൊച്ച
മാത്രമെൻ കാതിൽ മുഴങ്ങിടട്ടെ- **K.A.A.**